പുസ്തകം

●

മുഹമ്മദ്കുഞ്ഞ് മാസ്റ്റർ മസ്കത്ത്

# ഈ ജീവിതം കൊണ്ട് ഇത്രമാത്രം

**സ്നേഹവും പ്രണയവും നന്മയും പുണ്യവും മോഹങ്ങളും പശ്ചാത്താപവും പ്രബോധനവും ഉദ്ബോധനങ്ങളുമെല്ലാം കമലാ സുറയ്യയുടെ ഈ ചെറുപുസ്തകത്തിൽ പ്രതിപാദ്യ വിഷയങ്ങളാകുന്നുണ്ട്. വ്യക്തികളോടും സമുദായത്തോടും സമൂഹത്തോടും നിരവധി ചോദ്യശരങ്ങൾ എയ്യുന്നു ഇതിലെ ചടുലമായ കുറിപ്പുകൾ.**



**ജീവിതത്തിൽ** കണ്ടതും അനുഭവിച്ചതുമെല്ലാം സാഹിത്യകൃതികളാക്കി പരിവർത്തിപ്പിച്ച മാധവിക്കുട്ടിയുടെ ഇസ്‌ലാമാശ്ലേഷത്തിന് ശേഷമുള്ള കുറിപ്പുകളുടെ സമാഹാരമാണ് ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച *ഈ ജീവിതംകൊണ്ട് ഇത്രമാത്രം* എന്ന ചെറുപുസ്തകം. ഇതിന്റെ ആദ്യത്തെ ചില കുറിപ്പുകൾ *സസ്നേഹം സുറയ്യ* എന്ന തലക്കെട്ടിൽ ഐ.പി.എച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'99 ഡിസംബറിലെ മതപരിവർത്തനത്തിന് ശേഷമുള്ള അവരുടെ ചിന്തയും എഴുത്തുമെല്ലാം ഒരു പ്രത്യേക കാഴ്ചപ്പാ

ടോടെയായിരുന്നു. ജീവിതം സന്ധ്യയോടടുത്തപ്പോൾ ജീവിതത്തിന്റെ നിത്യയാഥാർഥ്യത്തിലേക്കുള്ള സത്യമാർഗം കണ്ടെത്തിയ ആവേശത്തിലായിരുന്നു പിന്നെയുള്ള രചനകൾ. "എനിക്ക് അഭയം ഇസ്‌ലാമിലാണ്. അത് തുറന്നു പറഞ്ഞാലും ആ വാചകത്തിന്റെ പൊരുൾ അവർ മനസ്സിലാക്കുന്നില്ല. മനസ്സിലാക്കിയാലും മനസ്സിലാക്കിയെന്ന് സമ്മതിക്കുന്നില്ല." പെട്ടെന്നുണ്ടായ മതപരിവർത്തനം എല്ലാം ഉലയ്ക്കുന്ന ഒരു കൊടുങ്കാറ്റായി അവർക്കനുഭവപ്പെട്ടപ്പോഴും മിത്രങ്ങൾ ശത്രുക്കളായപ്പോഴും ഒരു പ്രബോധകയെ പോലെ അവരെ വെറുക്കാതിരിക്കാൻ ശ്രമിക്കുന്നു സുറയ്യ.

ഈ ലോകത്ത് സ്നേഹത്തിന്റെ വെളിച്ചത്തിന് വല്ലാതെ മങ്ങലേൽക്കുന്നു. നിസാര കാരണങ്ങൾകൊണ്ടു മനുഷ്യർ പരസ്പരം വെറുക്കുന്നു. കുട്ടികൾപോലും ചിരിക്കുന്നില്ല. മാതാപിതാക്കൾ കുട്ടികളെ ശ്വാസംമുട്ടിച്ച് പഠിപ്പിക്കുന്നത് കാണാം. ഒരു വികാരവുമില്ലാത്ത പാവകളായി ഇവിടുത്തെ കുട്ടികൾ വളരും. ഓരോ കുട്ടിയും നാളത്തെ വാഗ്ദാനമാണെന്ന മുദ്രാവാക്യം മുമ്പൊക്കെ ഇടക്കിടെ കേട്ടിരുന്നു. ഇപ്പോൾ ആരും അങ്ങനെ വിളിച്ചുപറയാറില്ല. കാരണം അതൊക്കെ വിളിച്ചുപറഞ്ഞവർക്കറിയാം ഈ കുട്ടികൾക്ക് അങ്ങനെയൊരു സംഭാവനയും തന്റെ നാട്ടിന് ചെയ്യാൻ കഴിയില്ലെന്ന്.

"എനിക്ക് കുട്ടികളെ വലിയ ഇഷ്ടമാണ്. ഏതു കുട്ടിയെയും ഞാൻ മടിയിലിരുത്തും. ഓരോ കുട്ടിയെ കാണുമ്പോഴും എന്റെ കുട്ടിക്കാലം ഓർമവരും. കുട്ടികളുടെ മാനസിക വളർച്ചക്ക് എന്തെങ്കിലും ചെയ്തേ പറ്റൂ. ചരിത്രമറിയാതെ ജീവിതമറിയാതെ അവർ വളരുന്നത് അപകടമാണ് എന്നാണ് എന്റെ വിശ്വാസം." ഈ വാക്യങ്ങളിൽ വളരെ വലിയ തത്ത്വങ്ങളും ആശയങ്ങളും അടങ്ങിയിരിക്കുന്നു.

വിദ്വേഷം, വെറുപ്പ്, ഈർഷ്യ, ദേഷ്യം, ഭയം തുടങ്ങിയ ദുഷ്യസ്വഭാവങ്ങൾ അധികമാളുകളുടെയും ജീവിതത്തെ പിടികൂടിയിരിക്കുന്നതായി അവർ ദർശിക്കുന്നു.

"കലിമ ചൊല്ലി ശിരസ്സിൽ കറുത്ത ശീല ധരിച്ച ദിനം മുതൽ ഞാൻ അന്യയായി. ആ മുഹൂർത്തത്തിൽ എന്റെ ആത്മബലി പരിപൂർണമായി." അടുത്തവർ അകലുന്നു. പരിചിതർ അപരിചിതരായി മാറാൻ ശ്രമിക്കുന്നു. എല്ലാവരെയും സ്നേഹിക്കാനും താൻ സ്നേഹിക്കപ്പെടാനും കൊതിച്ച സുറയ്യ ഒരു കുട്ടിയെപോലെ പരിഭവിക്കുന്നു. ഈ ലോകത്തിന് എന്തുപറ്റി? അതിന്റെ മുഖച്ഛായ വളരെ പെട്ടെന്ന് മാറിക്കൊണ്ടേയിരിക്കുന്നു.

"ഒരു നിമിഷം ഈ ഭൂമിയൊന്ന് ഇളകിയാൽ എല്ലാം തകരുന്ന ഒരിടത്താണ് നമ്മളൊക്കെ ജീവിക്കുന്നത്. അവിടെയെന്തിനാണ് ഒരുപാട് ബുദ്ധി? മലയാളി എപ്പോഴും ബുദ്ധിക്കായി പരക്കംപായുന്നത് കാണാം."

മലയാളിയുടെ സങ്കുചിത മനസ്സിനെ നിശിതമായി വിമർശിക്കുന്നു ഒരു കുറിപ്പിൽ. "തന്റെ മതംമാറ്റത്തെ ഏറ്റവും നീചമായ രീതിയിലാണ് ഇവിടെയുള്ളവർ ആഘോഷിച്ചത്. നാടും പ്രകൃതിയും ഭക്ഷണരീതിയും വസ്ത്രധാരണവും എല്ലാം മാറിക്കൊണ്ടിരിക്കുമ്പോൾ മാറാൻ പാടില്ലായെന്ന് പറയുന്നതല്ലേ പാപം?" അവർ ചോദിക്കുന്നു. മലയാളിയുടെ മനസ്സിന് ഒരു മാറ്റവും വന്നിട്ടില്ല എന്നതാണ് വാസ്തവം. അഴുക്കു നിറഞ്ഞ മനസ്സിന്റെ ഉടമകൾ ധാരാളം ഉണ്ടെന്നും ലോകത്തിന്റെ ഒരു കോണിലും ഇത്രയും ഇടുങ്ങിയ മനസ്സുള്ളവരുണ്ടാവില്ലെന്നും അവർ ദുഃഖത്തോടെ ഓർക്കുന്നു. വൃദ്ധയായാലും വേണ്ടില്ല മലിനമായ കത്തുകൾകൊണ്ടും ഫോൺ വിളിച്ചും ആക്രമിക്കാൻ അവർ എപ്പോഴും തയാറെടുത്തിരിക്കുകയാണ്. തെറ്റായ ഒരു സ്ഥലത്ത് വന്നെത്തിയ പോലെയാണ് ഞാൻ കേരളത്തിൽ കഴിയുന്നത്. ഇവിടെ

**മലയാളിയുടെ മനസ്സിന് ഒരു മാറ്റവും വന്നിട്ടില്ല എന്ന താണ് വാസ്തവം. അഴുക്കു നിറഞ്ഞ മനസ്സിന്റെ ഉടമ കൾ ധാരാളം ഉണ്ടെന്നും ലോകത്തിന്റെ ഒരു കോണിലും ഇത്രയും ഇടുങ്ങിയ മനസ്സുള്ളവരുണ്ടാവി ല്ലെന്നും അവർ ദുഃഖത്തോടെ ഓർക്കുന്നു. വൃദ്ധയാ യാലും വേണ്ടില്ല മലിനമായ കത്തുകൾകൊണ്ടും ഫോൺ വിളിച്ചും ആക്രമിക്കാൻ അവർ എപ്പോഴും തയാറെടുത്തിരിക്കുകയാണ്.**

---

ഞാൻ എപ്പോഴും ഒറ്റപ്പെടുന്നു. കുത്തുവാക്കുകളേറ്റ് വേദനിക്കുന്നു. ഞാൻ കേരള സ്ത്രീയല്ല, ഭാരതീയ സ്ത്രീയുമല്ല; ഞാൻ സ്ത്രീയാണ്.

"എന്റെ സ്നേഹം ആയുധമാണ്. അത് തട്ടിപ്പറിക്കാൻ എന്നെക്കാൾ സ്നേഹത്തെ ഇഷ്ടപ്പെടുന്ന ഒരാൾക്കേ കഴിയൂ."

ജീവിതത്തിന്റെ നിസ്സാരത മനസ്സിലാക്കിയ സുറയ്യ എല്ലാം മറക്കാനും ദ്രോഹി ച്ചവരോട് പൊറുക്കാനും ശ്രമിക്കുന്നു.

തന്റെ പുസ്തകങ്ങൾ വായിച്ച വിദേശികളും അവർ പഠിപ്പിച്ച കുട്ടികളുമെല്ലാം അവരെ അതിരറ്റു സ്നേഹിച്ചു. പല വിദേശികളും അവരെക്കാണാൻ കേരളത്തിൽ വന്നത് അതുകൊണ്ടാണ്. "ഞാൻ മുസ്‌ലിമായതിന് ശേഷവും ഇതിനൊരു മാറ്റം സംഭവിച്ചിട്ടില്ല. കാരണം അവർ സ്നേഹിക്കുന്നത് എന്റെ എഴുത്തിനെയും മനസ്സി നെയുമാണ്." പുസ്തകങ്ങൾ പലതും വിദേശത്ത് പാഠപുസ്തകങ്ങളുമായി.

ക്രിസ്ത്യൻ സുവിശേഷ പ്രസംഗം നടത്തുന്ന ഏതാനും സ്ത്രീകൾ അവരുടെ വീട്ടിൽ വന്നു. അവർ പറഞ്ഞുവത്രെ "സാരമില്ല..... പാപം ചെയ്താലും ഈശോ പൊറുത്തുതരും." താൻ എന്തുപാപമാണ് ചെയ്തതെന്ന് ആ ചെറുപ്പക്കാരികളോടു തിരിച്ചു ചോദിച്ചു. "ഞാൻ ചെയ്ത പാപമെന്താണെന്ന് എനിക്ക് മനസ്സിലാക്കിത്തരേ ണ്ടേ." എന്റെ കൈയിൽ ആയിരം രൂപ കിട്ടിയിട്ടുണ്ടെങ്കിൽ എഴുനൂറും ഞാൻ മറ്റുള്ള വർക്ക് നൽകിയിട്ടുണ്ട്. മൂന്നുറുകൊണ്ടേ ഞാൻ ജീവിച്ചിട്ടുള്ളൂ.

സ്നേഹവും പ്രണയവും നന്മയും പുണ്യവും മോഹങ്ങളും പശ്ചാത്താപവും പ്രബോധനവും ഉദ്ബോധനങ്ങളുമെല്ലാം ഈ ചെറുപുസ്തകത്തിൽ പ്രതിപാദ്യ വി ഷയങ്ങളാക്കുന്നുണ്ട്. വ്യക്തികളോടും സമുദായത്തോടും സമൂഹത്തോടും നിരവധി ചോദ്യശരങ്ങൾ എയ്യുന്നു ഇതിലെ ചടുലമായ കുറിപ്പുകൾ.

"ഇസ്‌ലാം മതം എന്നെ കരുണയും ഔദാര്യവും പഠിപ്പിച്ചു. എടുക്കുന്നവളെ കൊടുക്കുന്നവളാക്കി. ഇസ്‌ലാമിലെ ആചാരങ്ങൾ മൊത്തത്തിലുള്ള സമർപ്പണമാ ണ്. എനിക്ക് എല്ലായിടവും തറവാടാണ്. എന്റെ സ്വന്തമായി ഒന്നും തന്നെയില്ല. ദരി ദ്രർ വേണ്ടപ്പെട്ടവരായി മാറിയത് ഞാൻ ഇസ്‌ലാമിനെപ്പറ്റി പഠിച്ചപ്പോഴാണ്. എന്റെ വിജയം ഇസ്‌ലാമിന്റെ വിജയമാണ്; ഇസ്‌ലാമിന്റെ പുരോഗതി എന്റെ പുരോഗതി യും."

രോഗങ്ങളും പരീക്ഷണങ്ങളും വേദനയും ദൈവ നിശ്ചയമാണ്. എത്രകണ്ട് വേദനസഹിക്കാൻ പറ്റുമെന്ന് ദൈവം പരീക്ഷിക്കുകയായിരിക്കും, അതെല്ലാം ക്ഷമ യോടെ സഹിച്ചാൽ നമുക്കും സ്വർഗം കിട്ടും തുടങ്ങിയ നിരവധി ഉദ്ബോധനങ്ങളും

കാണാം.

"ഞാനിപ്പോൾ അനുഭവിക്കുന്ന ഏറ്റവും വലിയ സുഖം ദൈവവിശ്വാസം കൊണ്ടുള്ള സുഖമാണ്. അതു ഞാൻ അനുഭവിക്കുന്നുണ്ട്."

പാവപ്പെട്ടവരെ ക്ഷണിക്കാതെ പ്രമാണിമാർ ധനികർക്കായി നടത്തുന്ന ഇഫ്ത്വാർ വിരുന്നുകളെ നിശിതമായി വിമർശിക്കുന്നു. ഉപവാസം ആത്മസംയമനത്തിനും ദൈവകാരുണ്യത്തിനുമാണെങ്കിൽ ഈ ഭക്ഷ്യപദാർഥങ്ങൾ ദരിദ്രർ വസിക്കുന്ന ചേരികളിൽ വിതരണം ചെയ്യാത്തതെന്ത്?

"എന്റെ യാത്രയും ഭാഷണവും അവസാനിക്കാറായി. ഏതു നിമിഷവും ഞാൻ മരിക്കാൻ തയാറായിരിക്കുന്നു. താജുദ്ദീന്റെ പുതിയ കടയിൽനിന്ന് വാങ്ങിയ വെളുത്ത സുൽത്താന ശരീരോവസ്ത്രം ഞാൻ അലക്കി വച്ചിരിക്കുന്നു. ഞാൻ മരിച്ചാൽ എന്നെ അത്തരം വേഷഭൂഷകൾ ധരിപ്പിക്കണമെന്ന് ഞാൻ പരിചാരികയോട് നിർദേശിച്ചും കഴിഞ്ഞു. ......അല്ലാഹുവേ, നിന്നോട് ഞാൻ പാപമോചനം തേടുകയും നിന്നിലേക്ക് മടങ്ങുകയും ചെയ്യുന്നു. ഈ പ്രാർഥന ഞാൻ ദിവസേന നൂറു തവണ ഉച്ചരിക്കുന്നു.

.......എന്റെ വാക്കുകൾക്ക് കാതോർത്തവരോടു ഞാൻ സസ്നേഹം യാത്ര പറയുന്നു. ഈ ജീവിതംകൊണ്ട് ഇത്രയൊക്കെയേ കഴിയൂ." ■